ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 01.10.2023 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. തെലങ്കാനയിൽ ഗോത്ര സർവ്വകലാശാല സ്ഥാപിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ; 13,500 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിച്ചു.

   Prime Minister Narendra Modi announced the formation of Tribal University in Telangana. PM inaugurated various projects worth 13,500 crore.

2. തമിഴ്നാട്ടിലെ നീലഗിരി ബസ് അപകടത്തിൽ ഉണ്ടായ ജീവഹാനിയിൽ രാഷ്ട്രപതി ഉൾപ്പെടെ പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

   President Droupadi Murmu and other eminent people expressed condolence in Nilgiri bus accident which killed 8 passengers.

3. ഗാന്ധി ജയന്തിയ്ക്ക് മുന്നോടിയായി രാജ്യമൊട്ടാകെ സ്വച്ഛ് ഭാരത് മെഗാ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു.

   Swachh Bharat Mega cleanliness campaign was organized across the nation ahead of Gandhi Jayanti.

4. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നടപ്പിലാക്കുന്ന ഏഴു പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും.

   CM Pinarayi Vijayan will inaugurate seven projects at Cochin International airport tomorrow.

5. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് ഇന്ന് 3 സ്വർണ്ണം ; അത്‌ലറ്റിക്സിൽ മലയാളി താരങ്ങളായ എം. ശ്രീശങ്കറിനും ജിൻസൺ ജോൺസണും മെഡൽ നേട്ടം.

In Asian Games, India bags three gold; Malayali athletes M. Srisankar and Jinson Johnson won medals.

✪✪✪✪✪✪✪✪✪

## HEADLINE-1

## PM - TELANGANA VISIT

തെലങ്കാനയിലെ മഹ്ബൂബ്നഗറിൽ റോഡ്, റെയിൽ, പെട്രോളിയം, പ്രകൃതി വാതകം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലായി 13,500 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു. കോവിഡിന് ശേഷം മഞ്ഞളിനെക്കുറിച്ചുള്ള അവബോധവും ആഗോള ആവശ്യകതയും വർദ്ധിച്ചതായി പ്രധാനമന്ത്രി ചടങ്ങിൽ പറഞ്ഞു. ഇന്ത്യ മഞ്ഞളിന്റെ പ്രധാന നിർമ്മാതാവും ഉപഭോക്താവും കയറ്റുമതിക്കാരുമാണ്. തെലങ്കാനയിലെ കർഷകർ വലിയ അളവിൽ മഞ്ഞൾ ഉത്പാദിപ്പിക്കുന്നു. മഞ്ഞൾ കർഷകരുടെ ആവശ്യകതയും ഭാവി അവസരങ്ങളും കണക്കിലെടുത്ത് രാജ്യത്ത് ദേശീയ മഞ്ഞൾ ബോർഡ് സ്ഥാപിക്കാൻ കേന്ദ്രം തീരുമാനിച്ചതായും പ്രധാനമന്ത്രി അറിയിച്ചു. കൂടാതെ തെലങ്കാനയിലെ മുലുഗു ജില്ലയിൽ കേന്ദ്ര ഗോത്ര സർവകലാശാല സ്ഥാപിക്കുമെന്നും ശ്രീ മോദി പറഞ്ഞു.

(ഹോൾഡ് പി.എം വോയിസ്)

ഇന്ന് തുടക്കമിട്ട റോഡ് കണക്ടിവിറ്റി പദ്ധതികൾ ജനജീവിതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരും. നാഗ്പൂർ-വിജയവാഡ ഇടനാഴിയിലൂടെ തെലങ്കാന,

ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിലേക്കുള്ള യാത്ര സുഗമമാക്കാൻ സാധിക്കും. കച്ചിഗുഡ - റായ്ച്ചൂർ ട്രെയിൻ സർവീസും കൃഷ്ണ സ്റ്റേഷനിൽ നിന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ ശ്രീ നരേന്ദ്രമോദി ഫ്ലാഗ് ഓഫ് ചെയ്തു.

## HEADLINE-2

## PRES./VP/ PM- NILGIRIS ACCIDENT

തമിഴ്നാട്ടിലെ നീലഗിരി ബസ് അപകടത്തിൽ ഉണ്ടായ ജീവഹാനിയിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും പ്രധാനമന്ത്രി നരേന്ദ്രമോദിയും അനുശോചനം രേഖപ്പെടുത്തി. അപകടത്തിൽ മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രി രണ്ട് ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപ വീതം നൽകും. നീലഗിരിയിൽ ഇന്നലെ ടൂറിസ്റ്റ് ബസ് മലയിടുക്കിലേക്ക് മറിഞ്ഞ് എട്ട് പേരാണ് മരിച്ചത്. അപകടത്തിൽ 42 പേർക്ക് പരിക്കേറ്റിരുന്നു.

## HEADLINE-3

## SWACHHATA-EK GHANTA

രാജ്യമൊട്ടാകെ സ്വച്ഛ് ഭാരതിന്റെ ഭാഗമായുള്ള മെഗാ ശുചീകരണ യജ്ഞത്തിന് തുടക്കമായി. ശുചീകരണ പ്രവർത്തനങ്ങൾക്കായി രാവിലെ 10 മണിക്ക് രാജ്യം ഒത്തുചേരണമെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആഹ്വാന പ്രകാരം രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. ബിജെപി അധ്യക്ഷൻ ജെപി നദ്ദ, കേന്ദ്രമന്ത്രിമാരായ ധർമേന്ദ്ര

പ്രധാൻ, ഹർദീപ് സിംഗ് പുരി, മീനാക്ഷി ലേഖി, രാജീവ് ചന്ദ്രശേഖർ, മറ്റ് നേതാക്കളും ദേശീയ തലസ്ഥാനത്ത് സ്വച്ഛതാ അഭിയാനിൽ പങ്കെടുത്തു.

## SWACHHATA-EK GHANTA – KERALA

സ്വച്ഛതാ ഹി സേവയോടനുബന്ധിച്ച്, കേരളത്തിലും ശുചീകരണയജ്ഞം സംഘടിപ്പിച്ചു. തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോയും സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷനും വിഴിഞ്ഞം തീരസുരക്ഷാ സേനയുടെ സഹകരണത്തോടെ കോവളം ലൈറ്റ് ഹൗസ് ബീച്ചിൽ സംഘടിപ്പിച്ച ശുചീകരണ യജ്ഞം പ്രമുഖ നടൻ വിവേക് ഗോപൻ ഉദ്ഘാടനം ചെയ്തു. പി.ഐ.ബി യിലേയും സി.ബി.സി യിലേയും ഉദ്യോഗസ്ഥരടക്കം പങ്കെടുത്തു. ചടങ്ങിന് പി.ഐ.ബി കേരള – ലക്ഷദ്വീപ് അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിചാമി നേതൃത്വം നൽകി. സ്വച്ഛതാ ഹി സേവയോട് അനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം നിലയത്തിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.

## RAJNATH SINGH

പരിമിതമായ സൗകര്യങ്ങൾ സമർഥമായി വിനിയോഗിക്കുന്നതിൽ പ്രതിരോധ മേഖലയുടെ പ്രവർത്തനം മാതൃകാപരമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ നടന്ന ഡിഫൻസ് അക്കൗണ്ട് ഡിപ്പാർട്ട്മെൻറ് ദിനാഘോഷ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നമ്മുടെ ആവശ്യങ്ങൾക്ക് പരിമിതിയില്ലെങ്കിലും വിഭവങ്ങൾ പരിമിതമാണ്. ഈ സാഹചര്യത്തിൽ ലഭ്യമായ

സൗകര്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കുക എന്നതിനായിരിക്കണം ഊന്നൽ നൽകേണ്ടതെന്നും ശ്രീ രാജ്നാഥ് സിംഗ് വ്യക്തമാക്കി.

## RAJASTHAN-ELECTION COMMISSION

രാജസ്ഥാനിൽ നിയമസഭാ തിരഞ്ഞെടുപ്പിൻറെ ഒരുക്കങ്ങൾ വിലയിരുത്തി തിരഞ്ഞെടുപ്പ് കമ്മീഷൻ. യുവാക്കളും സ്ത്രീകളും വോട്ടവകാശം വിനിയോഗിക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രാജീവ് കുമാർ അഭ്യർത്ഥിച്ചു. ജയ്പ്പൂരിൽ വാത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തിരഞ്ഞെടുപ്പിനായി 51,000 പോളിംഗ് ബൂത്തുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും ഗ്രാമപ്രദേശങ്ങളിലാണ്. രാഷ്ട്രീയ പാർട്ടികളിൽ നിന്ന് എന്ത് പരാതി ലഭിച്ചാലും ഉടൻ മറുപടി നൽകാൻ എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ശ്രീ രാജീവ് കുമാർ അറിയിച്ചു.

## GST-ONLINE GAMING

ഓൺലൈൻ ഗെയിമിംഗ്, വാതുവെപ്പ്, കാസിനോകൾ, ചൂതാട്ടം, കുതിരപ്പന്തയം, ലോട്ടറി എന്നിവയ്ക്ക് ഏർപ്പെടിത്തിയ 28 ശതമാനം ജി.എസ്.ടി ഇന്നു മുതൽ പ്രാബല്യത്തിൽ. ഇക്കഴിഞ്ഞ ഓഗസ്റ്റിൽ ന്യൂഡൽഹിയിൽ ചേർന്ന 51-ാമത് ജിഎസ്ടി കൗൺസിൽ യോഗത്തിലായിരുന്നു തീരുമാനം.

# PM VISIT-CHITTORGARH & GWALIOR (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജസ്ഥാനും മദ്ധ്യപ്രദേശും സന്ദർശിക്കും. രാജസ്ഥാനിലെ ചിറ്റോർഗഡിൽ 7,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തറക്കല്ലിടും. മധ്യപ്രദേശിലെ ഗ്വാളിയറിൽ 19,260 കോടി രൂപയുടെ സംരഭങ്ങൾ നാടിന് സമർപ്പിക്കും.

**വിശദാംശങ്ങളിലേയ്ക്ക്......**

(വോയിസ്...)

*വാതക അധിഷ്ഠിത സമ്പദ്വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മറ്റൊരു ചുവടുവയ്പ്പായ, രാജസ്ഥാനിലെ മെഹ്സാന-ഭട്ടിൻഡ-ഗുരുദാസ്പൂർ ഗ്യാസ് പൈപ്പ്ലൈൻ പ്രധാനമന്ത്രി നാടിന് സമർപ്പിക്കും. ഏകദേശം 4500 കോടിയോളം രൂപ ചെലവഴിച്ചാണ് പൈപ്പ് ലൈൻ സ്ഥാപിച്ചത്. അബു റോഡിൽ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ എൽ.പി.ജി പ്ലാന്റും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഇരട്ടിപ്പിച്ച ചിറ്റോർഗഡ്-നീമച്ച് റെയിൽ പാത, വൈദ്യുതീകരിച്ച കോട്ട - ചിറ്റോർഗഡ് റെയിൽ പാത, എൻ.എച്ച് -12 ലെ 1480 കോടിയിലധികം രൂപ ചെലവിൽ നിർമ്മിച്ച നാലുവരിപ്പാത എന്നിവയും നാളെ സമർപ്പിക്കും. ഉച്ചകഴിഞ്ഞ് വികസന ഗ്വാളിയറിൽ വിവിധ സംരംഭങ്ങളുടെ തറക്കല്ലിടലും ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിക്കും. ഏകദേശം 11,895 കോടി രൂപ ചെലവിൽ വികസിപ്പിച്ച ഡൽഹി-വഡോദര അതിവേഗപാത, അഞ്ച് വ്യത്യസ്ത റോഡ് പദ്ധതികൾ എന്നിവയ്ക്കും അദ്ദേഹം തറക്കല്ലിടും. പി.എം.എ.വൈ ഗ്രാമീണിന് കീഴിൽ നിർമ്മിച്ച രണ്ടേകാൽ*

*ലക്ഷത്തിലധികം വീടുകളുടെ ഗൃഹപ്രവേശത്തിന് പ്രധാനമന്ത്രി തുടക്കം കുറിയ്ക്കും. ന്യൂസ് ഡെസ്ക് ആകാശവാണി.....*

✪✪✪

## HEADLINE-4

## KOCHI AIRPORT-CM

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൻറെ ആധുനികവത്കരണം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഏഴു പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. അടിസ്ഥാന സൗകര്യവികസനം, യാത്രക്കാരുടെ എണ്ണത്തിലുണ്ടാകുന്ന വർധന, വിനോദസഞ്ചാര സാധ്യത തുടങ്ങിയവ മുൻനിർത്തിയാണ് പദ്ധതികൾ വിഭാവനം ചെയ്തത്. ഇംപോർട്ട് കാർഗോ ടെർമിനൽ, യാത്രക്കാർക്ക് വിശ്രമിക്കാനുള്ള എയ്റോ ലോഞ്ച് തുടങ്ങിയവയാണ് ഉദ്ഘാടനത്തിന് ഒരുങ്ങുന്നത്.

✪✪✪

## V MURALEEDHARAN

ഇറാൻ ജയിലിൽ നിന്ന് മോചിതരായി നാട്ടിൽ തിരിച്ചെത്തിയ മത്സ്യതൊഴിലാളി സംഘത്തെ കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ സന്ദർശിച്ചു. തിരുവനന്തപുരം അഞ്ചുതെങ്ങിൽ മാമ്പള്ളി ഹോളിസ്പിരിറ്റ് ദേവാലയത്തിലായിരുന്നു കൂടിക്കാഴ്ച. സമുദ്രാതിർത്തി ലംഘിച്ചതിന് ഇറാൻ പോലീസ് കസ്റ്റഡിയിൽ എടുത്ത മത്സ്യത്തൊഴിലാളികളെ മന്ത്രിയുടെ നേരിട്ടുള്ള ഇടപെടൽ കൊണ്ടാണ് മോചിപ്പിച്ചത്.

✪✪✪

## HEADLINE-5

## ASIAN GAMES

ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് ഇന്ന് 3 സ്വർണ്ണം കൂടി. 3000 മീറ്റർ സ്റ്റീപ്പിൽ ചെയ്സിൽ അവിനാഷ് സാബ്ലെ, പുരുഷന്മാരുടെ ഷോട്പുട്ടിൽ തേജീന്ദർ പാൽ എന്നിവരാണ് അത്‌ലറ്റിക്സിൽ ഇന്ത്യയ്ക്ക് വേണ്ടി സ്വർണ്ണം കൊയ്തത്. ഷൂട്ടിങ്ങിൽ രാവിലെ നടന്ന പുരുഷന്മാരുടെ ട്രാപ്പ് ടീം ഇനത്തിൽ ക്യനാൻ ചെനായി, പ്രഥിരാജ് ടൊാൻഡയ് മാൻ, സ്വരാവർ സിങ് സന്ധു എന്നിവർ സ്വർണ്ണം നേടി. ഈ ഇനത്തിൽ വനിതാ ടീം വെള്ളി മെഡൽ കരസ്ഥമാക്കി. ബോക്സിങ്ങിൽ വനിതകളുടെ 50 കിലോഗ്രാം വിഭാഗത്തിൽ നിഖത് സരീന് വെങ്കലം. ലോങ് ജംമ്പിൽ മലയാളി താരം ശ്രീശങ്കർ വെള്ളി മെഡൽ സ്വന്തമാക്കി. 8.19 മീറ്റർ ചാടിയാണ് ശ്രീശങ്കറിൻറെ രജത നേട്ടം. 1500 മീറ്റർ ഓട്ടത്തിൽ ജിൻസൺ ജോൺസൺ വെങ്കലം കരസ്ഥമാക്കി. ഇതോടെ, 13 സ്വർണവും 19 വെള്ളിയും 19 വെങ്കലവുമടക്കം 51 മെഡലുകലുമായി ഇന്ത്യ മെഡൽ പട്ടികയിൽ നാലാം സ്ഥാനത്ത് തുടരുകയാണ്.

## ISL

ഐഎസ്എൽ ഫുട്ബോളിൽ കേരളാ ബ്ലാസ്റ്റേഴ്സിൻറെ രണ്ടാം മത്സരം അൽപ്പസമയത്തിനകം കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ അരങ്ങേറും. ജംഷഡ്പൂർ എഫ് സി യാണ് ബ്ലാസ്റ്റേഴിസിൻറെ എതിരാളി.

## RAIN

കേരളത്തിൽ അടുത്ത അഞ്ച് ദിവസം മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നെയ്യാർ ഡാമിന്റെ ഷട്ടറുകൾ ഉയർത്തിയതിനാൽ സമീപവാസികൾ ജാഗ്രത പാലിയ്ക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു. കനത്ത മഴയിൽ കോട്ടയം ജില്ലയിലെ മീനച്ചിലാറ്റിൽ ജലനിരപ്പ് ഉയർന്നു. വടക്കൻ കേരളത്തിൽ ഇന്നും തെക്കൻ കേരളത്തിൽ നാളെ വരെയും ഇടവിട്ടുള്ള സാധാരണ മഴ തുടരും.

## V ABDURAHMAN

കായിക മേഖലയിൽ കേരളത്തിലുള്ള നിക്ഷേപം വർധിപ്പിക്കുമെന്ന് മന്ത്രി വി അബ്ദുറഹ്മാൻ. നിലവിൽ 45,000 കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്തെ കായിക മേഖലയിലുള്ളത്. തദ്ദേശ സ്ഥാപനങ്ങൾക്ക് ഇനി പ്ലാൻ ഫണ്ടിൽ നിന്നും 10 ശതമാനം കായിക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമെന്നും, തീരുമാനം പ്ലാനിങ്ങ് ബോർഡ് അംഗീകരിച്ചതായും മന്ത്രി പറഞ്ഞു.

## A K SASEENDRAN

കേരള സംസ്ഥാനതല വന്യജീവി വാരാഘോഷം നാളെ മന്ത്രി എ കെ ശശീന്ദ്രൻ തൃശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്കിൽ ഉദ്ഘാടനം ചെയ്യും.

വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് 48 ഇനങ്ങളിലായി 479 പക്ഷിമൃഗാദികളെ എത്തിക്കും. പൈയ്യപ്പള്ളി മൂല, കൊങ്ങമ്പറ എന്നിവിടങ്ങളിൽ നിന്നും ഘോഷയാത്ര ഉൾപ്പെടെ നിരവധി പരിപാടികൾ ഉദ്ഘാടനത്തിൻറെ ഭാഗമായി സംഘടിപ്പിക്കും.

## V. MURALEEDHARAN - KERALA

കേരളത്തിലെ കായിക-യുവജനകാര്യ മന്ത്രാലയവും നൈപുണ്യ വികസന - സംരഭകത്വ മന്ത്രാലയവും നെഹ്റു യുവകേന്ദ്രയും ചേർന്ന് വർക്കല ശിവഗിരി ഹയർസെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച തൊഴിൽമേള കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ ഉദ്ഘാടനം ചെയ്തു. രാജ്യത്ത് നിരവധി തൊഴിലവസരങ്ങൾ ഉണ്ടെന്നും അത്തരം അവസരങ്ങൾ ഉദ്യോഗാർത്ഥികളിലേക്ക് കൃത്യമായി എത്തിക്കാൻ തൊഴിൽമേളയ്ക്ക് സാധിക്കുമെന്നും കേന്ദ്രസഹമന്ത്രി പറഞ്ഞു.

*

*****

*************************